പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2006

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2006-ലെ കേരള കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ

654/2006.

# 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ

1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു ക്ഷേനിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് എന്ന പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—(1)ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 9-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു ;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ട തായ തുക എന്നർത്ഥമാകുന്നു ;

(ഡി) "തൊഴിലുടമ" എന്നാൽ നേരിട്ടോ അല്ലാതെയോ തനിക്ക് വേണ്ടിയോ മറ്റേതെങ്കിലും ആൾക്ക് വേണ്ടിയോ ഏതെങ്കിലും ജോലി ചെയ്യുന്നതിനുവേണ്ടി 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്ന ആശുപത്രി, നഴ്സിംഗ് ഹോം, ഡിസ്പെൻസറി എന്നിവ ഉൾപ്പെടെ യുള്ള സ്ഥാപനങ്ങളിലോ കച്ചവടസ്ഥാപനങ്ങളിലോ ഒന്നോ അതിലധികമോ തൊഴിലാളി കളെ നിയമിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു ;

(ഇ) "കുടുംബം" എന്നാൽ,—

(i) ഭർത്താവ് അല്ലെങ്കിൽ ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ എന്നിവരും ;

(ii) കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളിയെയോ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളെയോ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛനും അമ്മയും എന്നർത്ഥമാകുന്നു ;

(എഫ്) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകു ന്നു ;

(ജി) "തൊഴിലാളി" എന്നാൽ 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്ന തൊഴിലാളി എന്നർത്ഥമാകുന്നതും അതിൽ ആശുപത്രി, നഴ്സിംഗ് ഹോം, ഡിസ്പെൻസറി എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുകയും തൊഴിലുടമയിൽ നിന്നും നേരിട്ടോ അല്ലാതെയോ, കോൺട്രാക്ടർ മുഖേനയോ ഏജന്റ് മുഖേനയോ വേതനം പറ്റുന്ന ആളും, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളും, ഈ ആക്ടിന്റെ ആവശ്യത്തിലേ ക്കായി, സർക്കാർ കാലാകാലങ്ങളിൽ, ഗസറ്റ് വിജ്ഞാപനംമൂലം, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളിയായി പ്രഖ്യാപിക്കുന്ന മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു :

എന്നാൽ, കേരള സർക്കാരിന്റെ മറ്റേതെങ്കിലും ക്ഷേമനിധിയോ 1948-ലെ ഫാക്ടറീസ് ആക്റ്റോ, 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റോ ബാധകമായിട്ടുള്ള സ്ഥാപ നങ്ങളിലും 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ ഉൾപ്പെടാത്തതുമാകുന്നു ;

(എച്ച്) "അംഗം" എന്നാൽ നിധിയിലെ ഒരു അംഗം എന്നർത്ഥമാകുന്നു ;

(ഐ) "ആൾ" എന്നതിൽ ഒരു കമ്പനിയോ ഒരു ഫേമോ വ്യക്തികളുടെ സമാജമോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘമോ ഉൾപ്പെടുന്നതുമാകുന്നു ;

(ജെ) "ശമ്പളം" എന്നാൽ ഒരു കലണ്ടർ മാസത്തിൽ തൊഴിലാളി കൈപ്പറ്റുന്ന ആകെ തുക (അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ ഉൾപ്പെടെ) എന്നർത്ഥമാകുന്നു ;

(കെ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു ;

(എൽ) "പദ്ധതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം തയ്യാറാക്കിയിട്ടുള്ള പദ്ധതി എന്നർത്ഥമാകുന്നു ;

(എം) "സ്വന്തമായി തൊഴിൽ ചെയ്യുന്ന ആൾ" എന്നാൽ യഥാർത്ഥത്തിൽ ഉപജീവനത്തിനായി പ്രധാനമായും 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും തൊഴിൽ, തൊഴിലാളികളെ നിയോഗിക്കാതെ സ്വന്തമായി നടത്തുന്ന ആൾ എന്നർത്ഥമാകുന്നതും അതിൽ വ്യാപാരി വ്യവസായി ക്ഷേമനിധിയിലേയോ റേഷൻ വ്യാപാരി ക്ഷേമനിധിയിലേയോ അംഗമായ ഒരാൾ ഉൾപ്പെടാത്തതുമാകുന്നു ;

(എൻ) "വർഷം" എന്നാൽ ഏപ്രിൽ ഒന്ന് മുതൽ തുടങ്ങുന്ന സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

3. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും ഈ പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നതും വേഗം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെപ്പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്, അതായത്,—

(എ) 4-ാം വകുപ്പ് പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 10-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക ;

(സി) 20-ാം വകുപ്പ് പ്രകാരം വസൂലാക്കിയ നഷ്ടപരിഹാരം ;

(ഡി) ഭാരതസർക്കാരോ, സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളോ, വായ്പകളോ, അഡ്വാൻസുകളോ ;

(ഇ) മറ്റേതെങ്കിലും മാർഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും ;

(എഫ്) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനായി മറ്റ് മാർഗ്ഗങ്ങളിൽകൂടി ബോർഡ് ആർജിക്കുന്ന ഏതെങ്കിലും തുക ;

(ജി) പദ്ധതിപ്രകാരം ചുമത്തുന്ന ഫീസ് ;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക.

(3) നിധി, 6-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡിനാൽ കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

(4) നിധി ഇനിപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്,—

(എ) സ്ഥിരമായി ശാരീരികമായ അവശതമൂലം രണ്ടുവർഷത്തിലധികമായി ജോലി ചെയ്യുവാൻ കഴിയാതിരിക്കുകയോ, 60 വയസ്സ് തികയുകയോ ചെയ്തിട്ടുള്ളതും എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ക്ഷേമപദ്ധതിയിൽ കുറഞ്ഞപക്ഷം 10 വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചതുമായ അംഗത്തിന് പെൻഷൻ നൽകുന്നതിനും, കുറഞ്ഞപക്ഷം 15 വർഷക്കാലമെങ്കിലും തുടർച്ചയായി അംശദായം അടച്ച അംഗം മരിച്ചുപോയാൽ കുടുംബപെൻഷൻ നൽകുന്നതിനും ;

(ബി) ഫണ്ടിലേക്ക് ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള, അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന് ;

(സി) മൂന്നുവർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾക്കോ, കുടുംബത്തിലെ ആശ്രിതരുടെ മരണം സംബന്ധിച്ച ചെലവുകൾക്കോ സഹായധനം നൽകുന്നതിന് ;

(ഡി) ഒരുവർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായമടച്ച അംഗങ്ങളായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ, ക്ഷേമനിധി ബോർഡുമായി ആലോചിച്ച് നിശ്ചയിക്കാവുന്ന ചില നിബന്ധനകൾക്ക് വിധേയമായി, ചികിൽസാസൗകര്യവും വിദ്യാഭ്യാസാനുകൂല്യവും നൽകുന്നതിന് ;

(ഇ) മൂന്ന് വർഷക്കാലമോ അതിലധികമോ തുടർച്ചയായി ഫണ്ടിലേക്ക് അംശദായം അടച്ച ഒരംഗം അസുഖംമൂലമോ അപകടംമൂലമോ മരിച്ചുപോയാൽ ആദ്യ മൂന്ന് വർഷത്തിന് കുറഞ്ഞത് 5000 രൂപയും, കൂടുതലുള്ള ഓരോ വർഷത്തിനും 1000 രൂപ വീതവും രണ്ടും കൂടി പരമാവധി 20,000 രൂപ മരണാനന്തര സഹായധനം നൽകുന്നതിന് .

വിശദീകരണം : ഒരു വർഷത്തിൽ ആറുമാസമോ അതിലധികമോ തുടർച്ചയായി അംശദായം അടച്ചവർ ആ വർഷം പൂർത്തിയാകുംവരെ അംഗമായി തുടർന്നതായി കണക്കാക്കേണ്ടതും അതനുസരിച്ച് പെൻഷൻ, മരണാനന്തര സഹായധനം എന്നിവ കണക്കാക്കേണ്ടതുമാണ്. ആറുമാസത്തിൽ താഴെയുള്ള സർവ്വീസ് കണക്കിലെടുക്കാവുന്നതല്ല.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ അംഗവും പ്രതിമാസം പത്ത് രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലാളിയേയും സംബന്ധിച്ച് പത്ത് രൂപ വീതം ഓരോ മാസവും നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ് ;

(3) ഓരോ അംഗവും പ്രതിമാസം ഫണ്ടിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം 5 രൂപ വീതം ഗ്രാന്റായി സർക്കാർ നിധിയിലേക്ക് അടയ്ക്കേണ്ടതാണ് ;

(4) ഇപ്രകാരം അടയ്ക്കേണ്ടതായ അംശദായം ഇത്തരം തുക ശേഖരിക്കുന്നതിന് ബോർഡ് അംഗീകരിച്ച ഏതെങ്കിലും സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കുകളിലോ സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ അടയ്ക്കേണ്ടതാണ് ;

(5) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള അംശദായ നിരക്കുകളും (3)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്കും, സർക്കാരിന്, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത് മൂന്നുവർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനംമൂലം പുനർനിർണ്ണയിക്കാവുന്നതാണ് ;

(6) (5)-ാം ഉപവകുപ്പുപ്രകാരമുള്ള ഏതൊരു വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാലുദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ വിജ്ഞാപനത്തിൽ, അതിനുശേഷം, അതതു സംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത പ്രകാരത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

5. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ഏതെങ്കിലും ഭേദഗതി വരുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനത്തിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി

വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം അതതു സംഗതിപോലെ അപ്രകാരം ഭേദഗതി ചെയ്തവിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

6. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ പ്രത്യേകം നിർദ്ദേശിക്കാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവഹണത്തിനും നടത്തിപ്പിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടി "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്നൊരു ബോർഡ് രൂപീകരിക്കാവുന്നതാണ് ;

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടി മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും, വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു ;

(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 15 ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ് ;

(i) തൊഴിലാളികളേയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരേയും പ്രതിനിധീകരിക്കുന്ന 5 അംഗങ്ങൾ ;

(ii) തൊഴിലുടമകളെ പ്രതിനിധീകരിക്കുന്ന 5 അംഗങ്ങൾ ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന 5 അംഗങ്ങൾ.

(4) സർക്കാർ ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ് ;

(5) സർക്കാർ ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ് ;

(6) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടത്തേണ്ടതാണ് ;

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ബോർഡ് നിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്ന് കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ ഏതെങ്കിലും ഡയറക്ടർക്കോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ ബോർഡിലെ മറ്റ് ഏതെങ്കിലും ആഫീസർക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് ;

(8) ബോർഡിലേക്ക് ഓരോ വർഷവും അംശദായമായി പിരിഞ്ഞുകിട്ടുന്ന തുകയുടെ ഏഴ് ശതമാനം വരെയോ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കാവുന്ന തുകയോ ബോർഡിലെ സ്റ്റാഫിന്റെ ശമ്പളത്തിനും മറ്റ് അംഗീകൃത ചെലവുകൾക്കുമായി ചെലവഴിക്കാവുന്നതാണ്.

7. ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.—(1) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ഡയറക്ടർ മൂന്ന് വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) 8-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് എപ്പോൾ വേണമെങ്കിലും കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ബോർഡിലെ ഏതൊരു ഡയറക്ടറേയും ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതും, അത് നിർദ്ദേശിക്കപ്പെട്ട നീക്കം ചെയ്യലിന് എതിരായി കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയതിനുശേഷം ആയിരിക്കേണ്ടതുമാണ് :

എന്നാൽ, പൊതു താത്പര്യം പരിഗണിച്ച് കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള ഒരു അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, നീക്കം ചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തുകയോ നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കലിന് അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതുമാകുന്നു.

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

8. അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറെയും താഴെ പറയുന്ന കാരണങ്ങളാൽ ഔദ്യോഗികസ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ് :

(എ) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി ബോർഡിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ ;

എന്നാൽ, ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപ് ബോർഡിന് അപ്രകാരമുള്ള അസാന്നിദ്ധ്യം മതിയായ കാരണങ്ങളാൽ മാപ്പാക്കാവുന്നതാണ് ;

(ബി) അദ്ദേഹം ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ, ഡയറക്ടർ ആയി അദ്ദേഹം തുടരുന്നത് പൊതു താത്പര്യത്തിന് ഹാനികരമായിതീരത്തക്കവിധം തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം ;

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഒരു ഡയറക്ടറെ നീക്കം ചെയ്യുന്നതിനു മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, മറ്റ് വിധത്തിൽ സർക്കാർ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് അതേ ബോർഡിലെ ഡയറക്ടറായി വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

9. ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടേയും നിയമനം.—(1) സർക്കാരിന് ഈ ആക്ട് പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കുവാൻ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യ മെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥൻമാരു ടെയും ജീവനക്കാരുടെയും നിയമന രീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) ബോർഡിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്ന സംഗതി യിൽ അതത് സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സർവ്വീസ് റൂളിലെ ഒന്നും രണ്ടും ഭാഗങ്ങളിലെ വ്യവസ്ഥകൾ ആവശ്യമായ ഭേദഗതികളോടെ പാലി ക്കേണ്ടതാണ്. ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ താൽക്കാലികമായി ഡെപ്യൂട്ടേഷൻ മുഖാന്തിരം നിയമനം നടത്താവുന്നതാണ്.

10. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധന കൾക്കും, വ്യവസ്ഥകൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാ കാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

11. കിട്ടേണ്ട തുക തീരുമാനിക്കൽ.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും 4-ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളതു പറയാൻ അവസരം നൽകി യതിന്ശേഷവും, ഈ ആക്റ്റിലെയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം കിട്ടേണ്ട അംശദായം ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അന്വേഷണം നടത്തുന്ന ഒരു ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ചുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും ; അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിനും ;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യ പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന് ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ അയയ്ക്കുന്നതിന്.

(3) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥ വ്യാപ്തിയിൽപ്പെടുന്നതും പ്രസ്തുത നിയമത്തിലെ 196-ാം വകുപ്പിന്റെ പരിധിയിൽ വരുന്ന ഒരു ജുഡീഷ്യൽ നടപടി ആയി കരുതപ്പെടേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരാൾക്കും, ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം ലേബർ കമ്മീഷണർക്കോ, ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള ഉദ്യോഗസ്ഥൻ അതിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതുമാണ്.

(5) സർക്കാരിന് സ്വമേധയായോ അല്ലെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിന്മേലോ, ലേബർ കമ്മീഷണറോ (4)-ാം ഉപവകുപ്പ് പ്രകാരം അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എടുത്ത ഏതെങ്കിലും നടപടികളുടെ രേഖകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്താവുന്നതും ഉത്തരവുകൾ പാസാക്കാവുന്നതുമാണ് :

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള റിവിഷനുവേണ്ടിയുള്ള അപേക്ഷ, അപേക്ഷകൻ ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം നൽകേണ്ടതാണ് ;

എന്നുമാത്രമല്ല, ബാധകമായേക്കാവുന്ന ആളുകൾക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ യാതൊരു ഉത്തരവും ഈ ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

12. അംശദായം താൽക്കാലികമായി തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും.—(1) 4-ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യതയുള്ള ഓരോ തൊഴിലുടമയും നൽകേണ്ടതായ തുക 11-ാം വകുപ്പുപ്രകാരം തിട്ടപ്പെടുത്തുന്നതുവരെ പ്രസ്തുത വകുപ്പുപ്രകാരം ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയതനുസരിച്ച് അയാൾ ഓരോ വർഷവും നൽകേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ ഒരു തുക പിന്നീട് വരുന്ന ഓരോ മാസവും അഞ്ചാം തീയതിയിലോ അതിനുമുൻപോ പദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ള രീതിയിൽ നൽകേണ്ടതാണ്.

(2) തൊഴിലുടമയോ, തൊഴിലാളിയോ, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളോ അംശദായം കൊടുക്കേണ്ട തീയതിയിലോ അതിനുമുൻപോ അത് കൊടുത്തിട്ടില്ലാത്തിടത്ത്, ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അയാൾക്ക് കുടിശ്ശിഖ തുക കാണിച്ചുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കേണ്ടതും പ്രസ്തുത നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം തുക നൽകാത്തപക്ഷം പ്രതിവർഷം പന്ത്രണ്ട് ശതമാനം പലിശയടക്കം ആ തുക ഭൂമിയിൻമേലുള്ള കരക്കുടിശ്ശിഖ എന്നപോലെ അതേ വിധത്തിൽ വസൂലാക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഒരു തൊഴിലുടമ നൽകിയ തുക ആ വർഷത്തേക്ക് 11-ാം വകുപ്പുപ്രകാരം തീരുമാനിച്ച തുകയിൽ തട്ടിക്കിഴിക്കേണ്ടതാണ്.

13. അപ്പീൽ ഹർജി നൽകേണ്ട രീതി.—ഈ ആക്റ്റിലേയോ അല്ലെങ്കിൽ പദ്ധതിയുടെയോ വ്യവസ്ഥകൾ പ്രകാരം തൊഴിലാളിയിൽനിന്നോ, തൊഴിലുടമയിൽ നിന്നോ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളിൽ നിന്നോ കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ ആ കടത്തിൻമേൽ അപ്പീൽ ബോധിപ്പിക്കണമെന്ന് തോന്നുന്നപക്ഷം ആ തുകയുടെ പകുതി തുകയെങ്കിലും നോട്ടീസ് ലഭിച്ച് പതിനഞ്ച് ദിവസത്തിനകം അടച്ചശേഷം ബന്ധപ്പെട്ട ജില്ലാ ലേബർ ആഫീസർക്ക് (ജനറൽ) പരാതി സമർപ്പിക്കാവുന്നതും അപ്രകാരമുള്ള പരാതിയിന്മേൽ ജില്ലാ ലേബർ ഓഫീസർ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് മുഖാന്തിരം അന്വേഷണം നടത്തിയശേഷവും തെളിവെടുപ്പ് നടത്തി വാദം കേട്ടശേഷവും മൂന്നുമാസത്തിനകം അന്തിമ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

14. മറ്റ് കടങ്ങളെക്കാൾ അംശദായം നൽകുന്നതിന് മുൻഗണന.—4-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് അംശദായം നൽകാൻ ബാദ്ധ്യസ്ഥനായിട്ടുള്ള തൊഴിലുടമ പാപ്പരാണെന്ന് വിധിക്കപ്പെടുകയോ, അല്ലെങ്കിൽ, അപ്രകാരമുള്ള തൊഴിലുടമ ഒരു കമ്പനി ആയിരിക്കുകയും അത് വൈൻഡ് അപ് ചെയ്യുന്നതു സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, ഈ ആക്റ്റോ പദ്ധതിയോ അനുസരിച്ച് അപ്രകാരമുള്ള തൊഴിലുടമയിൽ നിന്ന് കിട്ടാനുള്ള തുക സംബന്ധിച്ച ബാദ്ധ്യത, പാപ്പരായി വിധിക്കപ്പെട്ടത് സംബന്ധിച്ചോ വൈൻഡ്-അപ് ചെയ്യുന്നത് സംബന്ധിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപുള്ളതാണെങ്കിൽ 1955-ലെ ഇൻ-സോൾവൻസി ആക്റ്റ് (1956-ലെ 2) 64-ാം വകുപ്പുപ്രകാരമോ 1956-ലെ കമ്പനീസ് ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 530-ാം വകുപ്പുപ്രകാരമോ, അതത് സംഗതിപോലെ പാപ്പരായ ആളിന്റെ വസ്തുവകകളോ അഥവാ വൈൻഡ്-അപ് ചെയ്യപ്പെടുന്ന കമ്പനികളുടെ ആസ്തികളോ വീതിച്ച് നൽകുമ്പോൾ മറ്റെല്ലാ കടങ്ങൾക്കുംമേൽ മുൻഗണന നൽകി കൊടുത്തുതീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതാകുന്നു.

15. തൊഴിലുടമ വേതനം മുതലായവ കുറയ്ക്കാൻ പാടില്ലെന്ന്.—യാതൊരു തൊഴിലുടമയും നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകാനുള്ള ബാദ്ധ്യതകളുടെ പേരിൽ മാത്രം ഈ പദ്ധതി ബാധകമാകുന്ന ഏതെങ്കിലും തൊഴിലാളിയുടെ വേതനമോ, അയാളുടെ പ്രകടമോ വ്യംഗ്യമോ ആയ നിയമന വ്യവസ്ഥകൾ പ്രകാരം അയാൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളോ, പ്രത്യക്ഷമായോ പരോക്ഷമായോ കുറവുചെയ്യാൻ പാടുള്ളതല്ല.

16. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സെർവെന്റ്സ് ആയിരിക്കണമെന്ന്.—ബോർഡിന്റെ ഓരോ ഡയറക്ടറും 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അനുസരിച്ച് നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിലെ മറ്റ് ഓരോ ഉദ്യോഗസ്ഥനും ജീവനക്കാരനും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ശിക്ഷ.—(1) ഈ ആക്റ്റോ പദ്ധതിയോപ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയോ അഥവാ മറ്റേതെങ്കിലും ആളെ അപ്രകാരം പണം നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന്

സഹായിക്കുന്നതിന് വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവന നടത്തുകയോ തെറ്റായി ധരിപ്പിക്കുകയോ വ്യാജമായ നിവേദനമോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലംവരെയാകാവുന്ന തടവോ അല്ലെങ്കിൽ അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അഥവാ അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ വീഴ്ച വരുത്തലിനോ ഈ ആക്ട് പ്രകാരമോ അതിൻ കീഴിലോ മറ്റൊരിടത്തും മറ്റുവിധത്തിലുള്ള ശിക്ഷയ്ക്ക് വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം രണ്ട് മാസം വരെയാകാവുന്ന തടവോ അല്ലെങ്കിൽ നാന്നൂറ് രൂപ വരെയാകാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റുപ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകിയ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച വസ്തുതകളുടെ രേഖാമൂലമായ ഒരു റിപ്പോർട്ടിൻമേലല്ലാതെ ഈ ആക്റ്റുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ഏതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

18. <u>രണ്ടാമതോ തുടർന്നോ ചെയ്യുന്ന കുറ്റത്തിന് വർദ്ധിച്ച ശിക്ഷ.</u>—ഈ ആക്റ്റുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കോടതി വിധിച്ചിട്ടുള്ള ഏതൊരാളും അതേ കുറ്റം വീണ്ടും ചെയ്യുന്നതായാൽ അപ്രകാരം ചെയ്യുന്ന ഓരോ കുറ്റത്തിനും ഒരു വർഷംവരെ ആകാവുന്നതും എന്നാൽ, രണ്ട് മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ തടവോ അഥവാ മൂവായിരം രൂപ വരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് :

എന്നാൽ, കോടതിക്ക് എന്തെങ്കിലും മതിയായ പ്രത്യേക കാരണങ്ങൾ വിധിന്യായത്തിൽ രേഖപ്പെടുത്തിക്കൊണ്ട് രണ്ട് മാസത്തിൽ കുറഞ്ഞ തടവ് ശിക്ഷ നൽകാവുന്നതാണ്.

19. <u>കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.</u>—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം കമ്പനിയാണ് ചെയ്തിട്ടുള്ളതെങ്കിൽ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും കമ്പനിയുടെ കാര്യനിർവ്വഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഓരോ ആളും ആ കമ്പനിയും കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് അവർക്കെതിരായുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടി അല്ലെന്നും അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ആളിനെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ അഥവാ അയാളുടെ ഭാഗത്തുള്ള മനഃപൂർവ്വമായ ഉപേക്ഷമൂലമാണെന്ന് തെളിയിക്കപ്പെടുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കപ്പെടേണ്ടതും അതനുസരിച്ച് അയാൾക്കെതിരായുള്ള നടപടികൾക്ക് വിധേയനായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്.

വിശദീകരണം : ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്,—

(എ) "കമ്പനി " എന്നാൽ, ഏതെങ്കിലും ഏകാംഗയോഗം എന്നർത്ഥമാകുന്നതും അതിൽ, ഒരു ഫേമോ ഒരു സഹകരണ സംഘമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു ;

(ബി) "കമ്പനി ഉദ്യോഗസ്ഥൻ" എന്നാൽ, കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ, ഡയറക്ടറോ, സെക്രട്ടറിയോ, ട്രഷററോ, മാനേജരോ എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമിന്റേയോ, സഹകരണ സംഘത്തിന്റെയോ വ്യക്തികളുടെ മറ്റ് സമാജത്തിന്റെയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതുമാകുന്നു ;

(സി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ, ആ ഫേമിലെ ഒരു പാർട്ട്ണർ എന്നർത്ഥമാകുന്നു.

20. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഈ ആക്ടോ പദ്ധതിയോ പ്രകാരം നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത് ബോർഡിന് കുടിശ്ശിക തുകയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ കവിയാത്ത, യുക്തമെന്ന് ബോർഡ് കരുതുന്ന തുക നഷ്ടപരിഹാരമായി അയാളിൽ നിന്നും വസൂലാക്കാവുന്നതാണ്.

21. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

22. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—(1) സർക്കാരിന് ബോർഡുമായി ആലോചിച്ചശേഷം ബോർഡ് അനുവർത്തിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(2) ബോർഡ് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതുനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

23. അന്വേഷണത്തിന് വേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന് ഏത് സമയത്തും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്

അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും, നൽകുകയും ചെയ്യേണ്ടതാണ്.

24. ബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം.—(1) 26-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ടോ അല്ലെങ്കിൽ 23-ാം വകുപ്പുപ്രകാരമുള്ള അന്വേഷണ റിപ്പോർട്ടോ പരിഗണിച്ചശേഷമോ അഥവാ മറ്റ് വിധത്തിൽ, ബോർഡ്, ഈ ആക്ടിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ അതിൻമേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം വിജ്ഞാപനത്തിൽ പ്രത്യേകം പറയുന്ന പ്രകാരമുള്ള ആറ് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് ബോർഡിന് അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ,—

(എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും, അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ, ഡയറക്ടർമാരെന്ന നിലയിലുള്ള അവരുടെ ഔദ്യോഗികസ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും ;

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ വിജ്ഞാപനത്തിൽ, വിനിർദ്ദേശിക്കാവുന്നപ്രകാരമുള്ള ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യേണ്ടതും ;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സൂപ്പർസീഡ് ചെയ്യലിന്റെ കാലയളവ് അവസാനിക്കുമ്പോൾ, സർക്കാർ, 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണ്.

25. ബോർഡിന്റെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും, വേതനവും.—(1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി സർക്കാർ ആഡിറ്റർമാരെ, നിയമിക്കേണ്ടതാണ്.

(2) ബോർഡ്, പ്രസ്തുത ആഡിറ്റർമാർക്ക്, സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്.

(3) അപ്രകാരമുള്ള ആഡിറ്റർമാർ ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ, പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

26. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലായ് അവസാനത്തിന് മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്.

27. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് അഥവാ പദ്ധതി പ്രകാരമോ അതിൻകീഴിലോ, സർക്കാരോ, ബോർഡോ, ലേബർ കമ്മീഷണറോ അല്ലെങ്കിൽ ലേബർ കമ്മീഷണർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ, ചീഫ് എക്സിക്യുട്ടീവ് ആഫീസറോ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിശ്ചയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ തീരുമാനിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരം യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

28. നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിലുള്ള തുക, ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും കണക്കിൽ വരവ് വയ്ക്കപ്പെടുന്നതും അപ്രകാരമുള്ള ക്ഷേമനിധിയിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത, പ്രസ്തുത തീയതിമുതൽ ഇല്ലാതാകുന്നതുമാണ്.

29. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും, ഈ ആക്റ്റിനോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്തതുമായ, ഏതുകാര്യവും സന്ദർഭം ആവശ്യപ്പെടുന്നതുപോലെ, ഗസറ്റ് വിജ്ഞാപനംമൂലം ചെയ്യാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിമുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

30. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു :

എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

31. റദ്ദാക്കലും ഒഴിവാക്കലും.—(1) 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് (2006-ലെ 30) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽവരുന്ന തൊഴിലാളികൾ, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആൾ എന്നിവരുടെ രജിസ്ട്രേഷൻ.

2. 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽവരുന്ന തൊഴിലാളികളും സ്വന്തമായി തൊഴിൽചെയ്യുന്ന ആളുകളും നിധിയിലേക്ക് ഏത് സമയത്ത് ഏത് രീതിയിൽ അംശദായം നൽകണമെന്നും 4-ാം വകുപ്പ് പ്രകാരം നൽകേണ്ട അംശദായവും അത് ഈടാക്കേണ്ട രീതിയും.

3. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും കമ്മിറ്റിയുടെ രൂപീകരണം.

4. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കോ, വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കോ അനുസൃതമായി നിധിയുടെ വക പണം നിക്ഷേപിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്കുകൾ ആഡിറ്റ് ചെയ്യൽ, സർക്കാരിലേക്ക് റിപ്പോർട്ടുകൾ സമർപ്പിക്കൽ എന്നിവ.

5. നിധിയിൽനിന്നും പണം പിൻവലിക്കുന്നതിനും അതിൽനിന്നും തട്ടിക്കിഴിക്കലോ, കണ്ടുകെട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും തട്ടിക്കിഴിക്കുകയോ, കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏറ്റവും കൂടിയ തുകയും.

6. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്റെയും തന്റെ കുടുംബത്തേയും പറ്റിയുള്ള വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

7. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതും.

8. അംഗങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും തൊഴിലുടമകൾ നൽകേണ്ട റിട്ടേണുകളും.

9. നിധിയിലെ ഒരംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള തിരിച്ചറിയൽ കാർഡിന്റെ രൂപവും അല്ലെങ്കിൽ മാതൃകയും അവ നൽകലും സൂക്ഷിക്കലും പകരം നൽകലും.

10. ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് ചുമത്താവുന്ന ഫീസ്.

11. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അത്.

12. 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെയോ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി ഏതെങ്കിലും കാര്യങ്ങൾക്ക് നിധി വിനിയോഗിക്കാമെന്ന്.

13. 28-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് വരവ് വയ്ക്കേണ്ട രീതി.

14. നിധി കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

15. നിധിയിൽനിന്നും പെൻഷൻ, കുടുംബ പെൻഷൻ, ഗ്രാന്റുകൾ, വായ്പകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

16. പദ്ധതിയിൽ വ്യവസ്ഥചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതി.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നതിനും നിയമനിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും കേരള ഗവർണ്ണർ 2005-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് വിളംബരപ്പെടുത്തുകയും ആയത് 2005 ഡിസംബർ 21-ാം തീയതിയിലെ 2749-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2005-ലെ 24-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിന് പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബില്ല് പതിനൊന്നാം കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസാക്കുന്നതിനോ സമയക്കുറവുമൂലം സാധിച്ചില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് (2006-ലെ 30), 2006 ജൂലായ് 5-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 ജൂലായ് 5-ാം തീയതിയിലെ 1124-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2006-ലെ 30-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ഇതിലെ 4-ാം ഖണ്ഡം പ്രകാരം 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന അംഗങ്ങളുടെ സർക്കാർ വിഹിതമിനത്തിൽ പ്രതിമാസം അഞ്ചുരൂപ നിരക്കിൽ പ്രതിവർഷം നാലുകോടി എൺപത് ലക്ഷം രൂപ ആവർത്തന ചെലവും, പ്രാരംഭ ചെലവുകൾക്കായി പത്തുലക്ഷം രൂപയുടെ അനാവർത്തന ചെലവും സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, നിശ്ചയിക്കുന്ന തീയതിയിൽ ആക്റ്റ് നടപ്പിൽ വരുത്താൻ ബില്ലിലെ 1-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം അധികാരം നൽകുന്നു.

654/2006.

2. "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമ നിധി" എന്ന പേരിൽ ഒരു പദ്ധതി, വിജ്ഞാപനംവഴി രൂപവത്കരിക്കാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. തൊഴിലാളിയുടേയും തൊഴിലുടമയുടേയും അംശദായമായി നിർണ്ണയിച്ചിട്ടുള്ള തുക, ആവശ്യമെന്നുതോന്നുന്നപക്ഷം മൂന്ന് വർഷത്തിലൊരിക്കൽ പുനർനിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് 4-ാം ഖണ്ഡത്തിലെ 5-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

4. ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട പദ്ധതിയിൽ പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 5-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ഗസറ്റ് വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ പറഞ്ഞിരിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപവത്ക്കരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. ഗസറ്റ് വിജ്ഞാപനംമൂലം ഏതൊരു ഡയറക്ടറേയും ഏതൊരു അനൗദ്യോഗിക അംഗത്തേയും ബോർഡിൽ നിന്നും നീക്കം ചെയ്യാൻ 7-ഉം 8-ഉം ഖണ്ഡങ്ങൾ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ഗസറ്റ് വിജ്ഞാപനംമൂലം ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്ന കാലയളവിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും അപ്രകാരമുള്ള കാലയളവ് അവസാനിക്കുമ്പോൾ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് 24-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ഈ ആക്റ്റ് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ മുൻകാല പ്രാബല്യത്തോടുകൂടിയോ അല്ലാതെയോ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 30-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. മുൻപറഞ്ഞ കാര്യങ്ങൾ ഭരണപരവും, നടപടിക്രമത്തെ സംബന്ധിക്കുന്നവയും ആകുന്നു. കൂടാതെ, ഈ ആക്റ്റിൻകീഴിൽ രൂപീകരിക്കുന്ന പദ്ധതികളോ ചട്ടങ്ങളോ നിയമസഭയുടെ സൂക്ഷ്മപരിശോധനക്ക് വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

പി. കെ. ഗുരുദാസൻ